# കെ.യു ഹംസ

**മെയ് 27-ാം** തിയതി വെള്ളിയാഴ്ച്ച രാവിലെയാണ് കെ.യു ഹംസ സാഹിബ് അല്ലാഹുവിലേക്ക് യാത്രയായത്. കൊച്ചി പ്രാദേശിക ജമാഅത്ത് അംഗമായിരുന്ന അദ്ദേഹത്തെ കുറച്ചുനാളുകളായി വിവിധ രോഗങ്ങൾ പ്രയാസപ്പെടുത്തിയിരുന്നു. ആശുപത്രിയിലും വീട്ടിലുമായി വിവിധ സന്ദർഭങ്ങളിൽ ജമാഅത്തെ ഇസ്ലാമി കേരള അമീർ ടി. ആരിഫലി സാഹിബുമൊത്ത് അദ്ദേഹത്തെ സന്ദർശിച്ചിരുന്നു. ആ സന്ദർഭങ്ങളിലെ സംസാരങ്ങളിൽ മരണം അദ്ദേഹം കാത്തിരിക്കുന്നതുപോലെ അനുഭവപ്പെട്ടിരുന്നു.

അസാധാരണമായ പാണ്ഡിത്യം അദ്ദേഹത്തിനുണ്ടായിരുന്നു. സാമ്പ്രദായിക വിദ്യാഭ്യാസം ലഭിച്ചിരുന്നില്ലെങ്കിലും ഇംഗ്ലീഷ്, അറബി, ഉറുദു തുടങ്ങിയ ഭാഷകളും കമ്യൂണിസം, യുക്തിവാദം, ക്രിസ്തുമതം, ഹിന്ദുമതം, ഖാദിയാനിസം തുടങ്ങിയ വിഷയങ്ങളിൽ അഗാധമായ അറിവും അദ്ദേഹത്തിനുണ്ടായിരുന്നു. ഖുർആനും ശാസ്ത്രവും അദ്ദേഹത്തിന്റെ ഇഷ്ട വിഷയമായിരുന്നു. അദ്ദേഹത്തിന്റെ ക്ലാസുകളും പ്രഭാഷണങ്ങളും അറിവിന്റെ നീരുറവയായിരുന്നു. അദ്ദേഹത്തിന്റെ പാണ്ഡിത്യവും പ്രഭാഷണ ചാതുരിയും മാതൃകയാക്കിയാണ് ഞങ്ങളെ പോലുള്ള പുതിയ തലമുറ പ്രസ്ഥാനത്തിൽ സജീവമായതും പ്രഭാഷണ മേഖലയിൽ കാലെടുത്തുവെക്കുന്നതും.

കെ.യു എന്ന ചുരുക്ക പേരിലാണ് അദ്ദേഹം അറിയപ്പെട്ടിരുന്നത്. മക്തി തങ്ങളും അഹ്മദ് ദീദാത്തുമായിരുന്നു അദ്ദേഹത്തിന്റെ പുസ്തക ഗുരുനാഥന്മാർ. അവരുടെ പ്രബോധന വൈഭവം അദ്ദേഹത്തിലും തെളിഞ്ഞുകാണാമായിരുന്നു. അവസാന സന്ദർഭങ്ങളിലെ സന്ദർശനങ്ങളിൽ അദ്ദേഹം സാക്കിർ നായിക്കിലും ആകൃഷ്ടനായിരുന്നു. തർക്കശാസ്ത്രം അദ്ദേഹത്തിന് നല്ലവണ്ണം വശമുണ്ടായിരുന്നു. യുക്തിവാദികളോടും കമ്യൂണിസ്റ്റുകാരോടും നിരീശ്വരവാദികളോടും യൗവനകാലത്ത് പരസ്യമായി സംവദിക്കുകയും അതിൽ വിജയം വരിക്കുകയും ചെയ്തു. ക്രിസ്തുമത സുവിശേഷകരോടും



പണ്ഡിതന്മാരോടും ബൈബിൾ വചനങ്ങൾ ഉദ്ധരിച്ചു അദ്ദേഹം സംവദിക്കുമായിരുന്നു. ഖുർആനെ പോലെ ബൈബിളും അദ്ദേഹം ധാരാളമായി പഠിക്കുകയും താരതമ്യ വിശകലനങ്ങൾ നടത്തുകയും ചെയ്തിട്ടുണ്ട്. ഈ സംവാദങ്ങൾ അദ്ദേഹത്തിന്റെ കാലത്തെ മികച്ച മാധ്യമമായിരുന്ന ടേപ്പ് റിക്കാർഡിൽ പകർത്തി പ്രബോധകരെ കേൾപ്പിക്കുമായിരുന്നു. അദ്ദേഹവുമായി സംവദിച്ച ബൈബിൾ ഗവേഷകരും പാതിരിമാരും അദ്ദേഹത്തിന്റെ ക്രിസ്തുമത ജ്ഞാനത്തിൽ മതിപ്പു രേഖപ്പെടുത്തിയിരുന്നു.

സമാന രീതിയിൽ സമുദായത്തിലെ പണ്ഡിതന്മാരുമായും സംഭാഷണങ്ങൾ നടത്തിയിരുന്നു. കെ.യു നേതൃത്വം നൽകിയ ഇസ്ലാമിക് സ്റ്റുഡൻസ് ആന്റ് യൂത്ത് യുവജന സംഘടനയാണ് കൊച്ചിയിൽ ഉമർ മൗലവിയുമായി ജമാഅത്തിനെ സംബന്ധിച്ച് സംവാദം സംഘടിപ്പിച്ചത്. വി.കെ അലി, അബ്ദുല്ല ഹസൻ തുടങ്ങിയവർ ശാന്തപുരം വിദ്യാർഥികളായിരിക്കെ ഇസ്ലാമിക പ്രസ്ഥാനത്തെ പ്രതിനിധീകരിച്ച് അതിൽ സംബന്ധിക്കുകയും ചെയ്തിരുന്നു.

1960-കളിലാണ് അദ്ദേഹം ജമാഅത്തെ ഇസ്ലാമിയുമായി ബന്ധപ്പെടുന്നത്. ഹാജി സാഹിബിന്റെ പ്രസംഗമായിരുന്നു അദ്ദേഹത്തെ സ്വാധീനിച്ചത്. പിന്നീട് പ്രസ്ഥാന മാർഗത്തിൽ ജീവിതം സമർപ്പിച്ചു കൊണ്ട് അംഗത്വ പ്രതിജ്ഞയെടുത്തു. അടിയന്തരാവസ്ഥകാലത്ത് ജയിൽ വാസം അനുഷ്ഠിച്ചിട്ടുണ്ട്. നിരവധി സ്ഥാപനങ്ങൾ എറണാകുളത്ത് ഉയർന്നുവരുന്നതിൽ നേതൃപരമായ പങ്കുവഹിച്ചു. 1970-കളിൽ രൂപവത്കരിക്കപ്പെട്ട ദഅ്വത്തുൽ ഇസ്ലാം ട്രസ്റ്റ്, ഫോർട്ടുകൊച്ചി മസ്ജിദുൽ ഹുദാ, എറണാകുളം ഇസ്ലാമിക് സെന്റർ, മദീന മസ്ജിദ് എന്നിവ സ്ഥാപിക്കുന്നതിലും നിലനിർത്തുന്നതിലും വലിയ പങ്കുവഹിച്ചു.

കൊച്ചിയിലെ പടിഞ്ഞാറേക്കോട് മുഹിയുദ്ദീൻ പള്ളി മഹല്ല് ജമാഅത്തിന്റെ പ്രസിഡന്റായും അദ്ദേഹം പ്രവർത്തിച്ചു. ജമാഅത്തെ ഇസ്ലാമി സംസ്ഥാന അഖിലേന്ത്യാ നേതൃത്വവുമായി ഗാഢമായ ബന്ധം അദ്ദേഹത്തിനുണ്ടായിരുന്നു. പ്രസ്ഥാനത്തെക്കുറിച്ചുള്ള സ്വന്തം അഭിപ്രായങ്ങൾ എഴുതിയും ഫോൺമുഖേനയും അദ്ദേഹം അറിയിക്കുമായിരുന്നു.

കൊച്ചിൻ ഡോക്ക് ലേബർ ബോർഡ് റിട്ട. ഉദ്യോഗസ്ഥനായിരുന്നു. ഭാര്യ സൈനബ, മക്കൾ: കെ.എച്ച് ഹനീഫ്, ഫൈസൽ, ഫിറോസ്, ഹാരിസ്, തസ്നിം, ഷംല, നസീമ. മരുമക്കൾ: ഷാഹിദ, ജസീന, ഫസീല, അബ്ദുല്ല, ബഷീർ, വി.എച്ച് ബാബു.

അല്ലാഹു അദ്ദേഹത്തെ മഗ്ഫിറത്തും മർഹമത്തും നൽകി അനുഗ്രഹിക്കുമാറാകട്ടെ. ആമീൻ ■

**ഫൈസൽ കൊച്ചി**